# കോട്ടൺഹിൽ വൃത്താന്തം 2017 ജൂൺ - ആഗസ്റ്റ്

## നവാഗതർക്ക്ആഹ്ലാദകരമായ അനുഭവമായിപ്രവേശനോത്സവം

തിരു:വഴുതയ്ക്കാട് കോട്ടൺഹിൽ സ്കൂളിൽ ഈ വർഷത്തെ പ്രവേശനോത്സവം 2017 ജൂൺ1 ന്സമുചിതമായി ആഘോഷിച്ചു.സ്കൂളിന്റെ പി.ടി.എപ്രസിഡന്റ് ശ്രീ. ആർ.പ്രദീപ് കുമാർഅധ്യക്ഷത വഹിച്ച ചടങ്ങിൽ പാർലമെന്റ് മുൻ രാജ്യസഭാംഗം ഡോ . ടി എൻ സീമ ,പ്രസിദ്ധ ഇടയ്ക്കവിദ്വാൻ ഞെരളത്ത്ഹരിഗോവിന്ദ്,പ്രമുഖ




മിമിക്രി ആർട്ടിസ്റ്റ് ഷൈജുനെല്ലിക്കാട് എന്നിവർ മുഖ്യാതിഥികളായിരുന്നു.ആദ്യമായിസ്കൂളിലെത്തിയ കുട്ടികൾക്ക് ബലൂണുംമധുരവുംനൽകി സ്വീകരിച്ചു. അത് കുട്ടികൾക്ക് പുതിയ ഒരനുഭവമായിരുന്നു. ശ്രീ ഹരിഗോവിന്ദിന്റേയും ശ്രീ ഷൈജുവിന്റേയും കലാപ്രകടനം കുട്ടികൾക്ക് വേറിട്ട അനുഭവമായി.

# മുഖച്ഛായമാറ്റാനൊരുങ്ങി കോട്ടൺഹിൽ

- കോട്ടൺഹില്ലിന്റെ സ്വപ്നപദ്ധതിക്കു തുടക്കം
- പതിനെട്ടുകോടിയോളം രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ



നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്ന കോട്ടൺഹിൽ



പഴയ കെട്ടിടം

തിരു : തലസ്ഥാന നഗരിയുടെ ഹൃദയഭാഗമായ വഴുതക്കാട് സ്ഥിതിചെയ്യുന്ന തലസ്ഥാന നഗരിയുടെ അഭിമാനമായ കോട്ടൺഹിൽ ഹയർസെക്കണ്ടറി സ്കൂൾ അതിന്റെ മുഖച്ഛായമാറ്റുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്ഥലം എംഎ ൽഎശ്രീ വി എസ് ശിവകുമാറിന്റെ ശ്രമഫലമായിപതിനെട്ടുകോടിയോളംരൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾനടത്താനുള്ള ഭരണാനുമതിയാണ് ലഭിച്ചത് . ഈ ജൂൺ മാസത്തിൽ പണിആരംഭിച്ചു.അൻപത്തിനാല് ക്ലാസ്സ്മുറികളും ഓഫീസ്റൂമുംആധുനികലബുകളുംഉൾപ്പെടുന്നതാണ്ഈമന്ദിരം.മിനിതിയേറ്റർ ഉൾപ്പെടെയുള്ളആധുനികസജ്ജീകരണങ്ങൾഇവിടെയുണ്ടാകും.എല്ലാ ക്ലാസ് മുറികളും ഹൈടെക് ആയിരിക്കും എന്നതാണ് മറ്റൊരു പ്രത്യേകത . പതിനെട്ടു മാസങ്ങൾ കൊണ്ട് നിർമ്മാണം പൂർത്തിയാക്കുന്നരീതിയിലാണ്പണി പുരോഗമിക്കുന്നത് . പൊളിച്ച ക്ലാസ്സ്മുറികൾക്ക് പകരംക്ലാസ്സ് മുറികൾകണ്ടെത്താൻ കഴിഞ്ഞതിനാൽകെട്ടിടനിർമ്മാണം പഠനത്തെ യാതൊരു തരത്തിലും ബാധിച്ചിട്ടില്ല . ഇന്റർനാഷണൽ സ്കൂളുകൾക്കുപോലും അപ്രാപ്യമായഈസൗകര്യങ്ങൾ സാധാരണക്കാർക്കു ലഭിക്കുന്നത് പൊതുവിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല . കോട്ടൺ ഹില്ലിനെ സംബന്ധിച്ചും ഇത് വളരെ അഭിമാനാവഹമാണ്.